# കേരളസർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

ഏപ്രിൽ 28

**April 28** **2021**

**1196 മേടം 15 ബുധൻ**

# പത്രക്കുറിപ്പ്-1

www.prd.kerala.gov.in, diopta1@gmail.comഫോൺ0468-2222657

---

**കൗ ിംഗ് ഏജന്റ് നിയമനം:**
**തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദേശങ്ങൾ**

നിയമസഭാ തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണലിന്റെ മേൽനോട്ടത്തിന് സ്ഥാനാർഥിയുടെ പ്രതിനിധിയായി കൗ ിംഗ് ഏജന്റിന് ആർ.ടി.പി.സി.ആർ/ ആന്റിജൻ ടെസ്റ്റ് നടത്തി നെഗറ്റീവ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നവരെ മാത്രമേ കൗ ിംഗ് ഹാളിൽ പ്രവേശനം ലഭ്യമാക്കുകയുള്ളൂ.

നിയമിക്കുന്നതിനു നിയമപ്രകാരം പ്രത്യേക യോഗ്യതയൊന്നും നിഷ്കർഷിക്കപ്പെടുന്നില്ല. എന്നാൽ, സ്ഥാനാർഥിയുടെ താൽപര്യം സംരക്ഷിക്കാനായി 18 വയസിനു മുകളിൽ പ്രായമുള്ള, പക്വതയുള്ളവരെ ഏജന്റായി നിയമിക്കാൻ തെരഞ്ഞെടുപ്പ് കമ്മീഷൻ നിർദേശിക്കുന്നു.

സുരക്ഷാ ഉദ്യോഗസ്ഥർക്ക് കൗ ിംഗ് ഹാളിൽ പ്രവേശനം ഇല്ലാത്തതിനാൽ കമ്മീഷന്റെ നിർദേശ പ്രകാരം നിലവിലെ കേന്ദ്രമന്ത്രി, സംസ്ഥാന മന്ത്രി, എം.പി, എം.എൽ.എ, തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷൻമാർ, കോർപറേഷൻ മേയർ, നഗരസഭ ചെയർപേഴ്സൻ, ജില്ല, ബ്ലോക്ക് പഞ്ചായത്ത് അധ്യക്ഷൻമാർ, ദേശീയ, സംസ്ഥാന, ജില്ലാ സഹകരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുക്കപ്പെട്ട ചെയർപേഴ്സൻ, കേന്ദ്ര, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ ചെയർപേഴ്സനായി നിയോഗിക്കപ്പെട്ട രാഷ്ട്രീയ പ്രവർത്തകർ, സർക്കാർ സ്ഥാപനങ്ങളുടെ ചെയർപേഴ്സൻ, ഗവ. പ്ലീഡർ, അഡീഷനൽ ഗവ. പ്ലീഡർ, സർക്കാർ ഉദ്യോഗസ്ഥർ എന്നിവരെ കൗ ിംഗ് ഏജന്റായി നിയമിക്കരുത്. കൂടാതെ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ സുരക്ഷ നൽകുന്ന വ്യക്തികളെയും കൗ ിംഗ് ഏജന്റായി നിയമിക്കരുത്. ഇത്തരം വ്യക്തികൾക്കു നൽകിയ സുരക്ഷ ഉപേക്ഷിച്ച് കൗ ിംഗ് ഏജന്റാകാൻ കഴിയില്ല. സുരക്ഷയുള്ള വ്യക്തിയോടൊപ്പം സുരക്ഷാ ഉദ്യോഗസ്ഥർക്ക് കൗ ിംഗ് ഹാളിൽ പ്രവേശിക്കാൻ കഴിയില്ല. സുരക്ഷ ഉപേക്ഷിച്ച് കൗ ിംഗ് ഹാളിൽ കയറുന്നതു സുരക്ഷാ ഉദ്യോഗസ്ഥർക്കും ബുദ്ധിമുട്ട് സൃഷ്ടിക്കും എന്നതിനാലാണിത്. സർക്കാർ ഉദ്യോഗസ്ഥർ കൗ ിംഗ് ഏജന്റാകുന്നത് മൂന്നു മാസം തടവോ പിഴയോ ര ും കൂടിയോ ലഭിക്കാവുന്ന കുറ്റമാണ്.

(നിയമസഭാ 282/21)

## കോവിഡ് 19: അവശ്യ വസ്തുക്കൾ
## എത്തിച്ചു നൽകാൻ അഗ്നിരക്ഷാ വകുപ്പ്

കോവിഡ് 19 ര ാം ഘട്ട വ്യാപനം അപകടകരമായി വർധിക്കുന്ന സാഹചര്യത്തിൽ ആളുകൾ പുറത്തിറങ്ങുന്നത് ഉൾപ്പെടെ പരിമിതപ്പെടുത്തേ അവസരം കണക്കിലെടുത്ത് അഗ്നിരക്ഷാ വകുപ്പ് പത്തനംതിട്ട ജില്ലയിൽ കൺട്രോൾ റൂം തുറന്നു. ക യ്ൻമെന്റ് സോണുകളിൽ പുറത്തിറങ്ങാൻ കഴിയാത്തവർക്ക് മരുന്നുകൾ ഉൾപ്പെടെ അവശ്യവസ്തുക്കൾ എത്തിച്ചു നൽകുന്നതിന് ഫയർ ഫോഴ്സിന്റെ സേവനം ലഭിക്കുമെന്ന് ജില്ലാ ഫയർ ഓഫീസർ കെ.ഹരികുമാർ അറിയിച്ചു. ഫയർ ഫോഴ്സിന്റെയും സിവിൽ ഡിഫൻസ് സേനയുടെയും കൂടി സഹകരണത്തോടെയാണു പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്.

കഴിഞ്ഞ ലോക്ക്ഡൗൺ കാലത്ത് ജില്ലയിൽ എണ്ണായിരത്തിലധികംപേർക്ക് അഗ്നി രക്ഷാ വകുപ്പ് ജീവനരക്ഷാ മരുന്നുകൾ എത്തിച്ചു നൽകിയിരുന്നു. കോവിഡ് വ്യാപനം രൂക്ഷമാകുന്ന സാഹചര്യത്തിൽ അഗ്നിരക്ഷാ വകുപ്പ് ഡയറക്ടർ ജനറലിന്റെ നിർദേശം അനുസരിച്ചാണു സംസ്ഥാനതലത്തിലും ജില്ലകൾ കേന്ദ്രീകരിച്ചും കൺട്രോൾ റൂം പ്രവർത്തനം ആരംഭിച്ചിട്ടുള്ളതെന്നു പത്തനംതിട്ട സ്റ്റേഷൻ ഓഫീസർ വി.വിനോദ് കുമാർ അറിയിച്ചു. അടിയന്തര സഹായങ്ങൾക്കു ജില്ലാതല കൺട്രോൾ റൂം നമ്പറായ 0468 2271101 എന്ന നമ്പറിൽ ബന്ധപ്പെടാം.

ഇതിനു പുറമെ ജില്ലയിലെ എല്ലാ ഫയർ സ്റ്റേഷനുകൾ കേന്ദ്രീകരിച്ചും സ്റ്റേഷൻതല കൺട്രോൾ റൂമുകളും തുറന്നിട്ടു ്. ജില്ലാ ഫയർ ഓഫീസർ - 9497920112. പത്തനംതിട്ട - 04682222001, 9497920090. അടൂർ - 04734229100, 9497920091. തിരുവല്ല - 04692600101, 9497920093. റാന്നി - 04735224101, 9497920095.കോന്നി - 04682245300, 9497920088.സീതത്തോട് - 04735258101, 949792028.

(പിഎൻപി 1121/21)

## ഗ്രാന്റ് ഇൻ എയ്ഡ് ലഭിക്കുന്നതിനായി അപേക്ഷ ക്ഷണിച്ചു

കേരളത്തിലെ സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ ആന്റ് എസ്റ്റാബ്ലിഷ്മെന്റ് കെയർ ഹോം ഫോർ മെന്റലി ഇൻ ഇൻസ്റ്റിറ്റ്യൂഷൻസിന് 2020-2021 സാമ്പത്തിക വർഷത്തെ ഗ്രാന്റ് ഇൻ എയ്ഡ് അനുവദിക്കുന്നതിനായി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി മേയ് 15 ന് വൈകുന്നേരം അഞ്ചു വരെ. വിശദ വിവരങ്ങൾ സാമൂഹ്യനീതി വകുപ്പിന്റെ വെബ് സൈറ്റിൽ നിന്നും പത്തനംതിട്ട ജില്ലാ സാമൂഹ്യ നീതി ഓഫീസിൽ നിന്നും ലഭിക്കും. നിശ്ചിത തീയതി കഴിഞ്ഞതും നിബന്ധനകൾ പാലിക്കാത്തതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല. ഫോൺ: 0468 2325168.

(പിഎൻപി 1122/21)

## ഗ്രാന്റിന് ഇ അനുധാൻ പോർട്ടലിൽ അപേക്ഷ സമർപ്പിക്കാം

നാഷണൽ ആക്ഷൻ പ്ലാൻ ഫോർ സീനിയർ സിറ്റിസൺഷിപ്പ്/ അടൽ വയോ അഭ്യുദയ് യോജന പദ്ധതിയുടെ ഭാഗമായി വയോജനങ്ങളുടെ ക്ഷേമവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്ന പദ്ധതി പ്രകാരം പത്തനംതിട്ട ജില്ലയിൽ ഐപിഎസ്ആർസി/ഐപിഒപി വിഭാഗത്തിൽ നിലവിൽ ഗ്രാന്റ് ലഭിച്ചുകൊ ിരിക്കുന്ന സ്ഥാപനങ്ങളും പുതുതായി പ്രൊപ്പോസൽ സമർപ്പിക്കുവാൻ താത്പര്യമുള്ള സ്ഥാപനങ്ങളും ഇ അനുധാൻ പോർട്ടലിൽ അപേക്ഷ സമർപ്പിക്കാം. വിശദ വിവരങ്ങൾക്ക് സാമൂഹ്യനീതി വകുപ്പിന്റെ വെബ് സൈറ്റിൽ നിന്നും പത്തനംതിട്ട ജില്ലാ സാമൂഹ്യ നീതി ഓഫീസിൽ നിന്നും ലഭിക്കും. ഫോൺ : 0468 2325168.

(പിഎൻപി 1123/21)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരളസർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| ഏപ്രിൽ 28<br>**April 28** | **2021** |
|---|---|

**1196 മേടം 15 ബുധൻ**

# പത്രക്കുറിപ്പ്-2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**കോവിഡ്:**
**കുമ്പഴ മാർക്കറ്റ് ജില്ലാ കളക്ടറും എസ്.പിയും**
**നഗരസഭാ ചെയർമാനും സന്ദർശിച്ചു**

**കുമ്പഴ മാർക്കറ്റിൽ പ്രവേശനത്തിന്**
**ടോക്കൺ സംവിധാനം ഏർപ്പെടുത്തും**

പത്തനംതിട്ട ജില്ലയിൽ കോവിഡ് കേസുകൾ കൂടി വരുന്ന സാഹചര്യത്തിൽ വരുന്ന ഒരു മാസത്തേക്ക് വീട്ടിൽ തന്നെ ഇരിക്കുന്നതിനുള്ള ശ്രമം എല്ലാവരുടേയും ഭാഗത്തു നിന്നു ാകണമെന്ന് ജില്ലാ കളക്ടർ ഡോ.നരസിംഹുഗാരി തേജ് ലോഹിത് റെഡ്ഡി അഭ്യർഥിച്ചു. ജനങ്ങൾ അധികം തടിച്ചുകൂടുന്ന കുമ്പഴ മാർക്കറ്റ് ജില്ലാ പോലീസ് മേധാവി, നഗരസഭാ ചെയർമാൻ എന്നിവർക്കൊപ്പം സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തിയ ശേഷം സംസാരിക്കുകയായിരുന്നു ജില്ലാ കളക്ടർ.

പൊതുസ്ഥലങ്ങളിലെ ആൾക്കൂട്ടം ജനങ്ങൾ പരമാവധി ഒഴിവാക്കണം. പഞ്ചായത്ത് പ്രസിഡന്റുമാർ, സെക്ടറൽ മജിസ്ട്രേറ്റുമാർ, പോലീസ് എന്നിവർ പഞ്ചായത്ത് തലത്തിൽ യോഗം ചേർന്ന് ആൾക്കൂട്ടം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. കെ യ്ൻമെന്റ് സോണുകളിലെ സുരക്ഷ ശക്തമാക്കണം. ഇതിന് ജനങ്ങളുടെ സഹകരണമു ാകണം. കുമ്പഴ മാർക്കറ്റിൽ ആളുകൂടുന്നത് ഒഴിവാക്കാൻ പോലീസിന്റെ നേതൃത്വത്തിൽ ടോക്കൺ സംവിധാനമൊരുക്കുമെന്നും കളക്ടർ പറഞ്ഞു.

കുമ്പഴ മാർക്കറ്റിൽ പ്രവേശനത്തിന് ടോക്കൺ സംവിധാനം ഏർപ്പെടുത്തുമെന്ന് ജില്ലാ പോലീസ് മേധാവി ആർ.നിശാന്തിനി പറഞ്ഞു. 50 പേർക്കായിരിക്കും ഒരേസമയം പ്രവേശനം അനുവദിക്കുക. ചന്തയിലെ തിരക്ക് നിയന്ത്രിക്കൽ, അകത്തേക്ക് കടക്കുന്നതിനുള്ള വഴിയും പുറത്തേക്കുള്ള വഴിയും പോലീസ് നിയന്ത്രിക്കും. കോവിഡ് പ്രോട്ടോക്കോൾ ലംഘനങ്ങൾക്കെതിരെ ശക്തമായ നിയമനടപടികൾ കൈക്കൊള്ളും. കെ യ്ൻമെന്റ് സോണുകളിലും ആളുകൾ കൂട്ടംകൂടാൻ സാധ്യതയുള്ള സ്ഥലങ്ങളിലും പരിശോധന കൂടുതൽ ശക്തമാക്കും. കോവിഡ് കേസുകൾ കൂടുന്ന സാഹചര്യത്തിൽ ജനങ്ങൾ കൂടുതൽ ജാഗ്രത പാലിക്കണമെന്നും ജില്ലാ പോലീസ് മേധാവി പറഞ്ഞു.

നഗരസഭാ ചെയർമാൻ അഡ്വ.ടി.സക്കീർ ഹുസൈൻ, പത്തനംതിട്ട ഡി.വൈ.എസ്.പി:എ.പ്രദീപ് കുമാർ തുടങ്ങിയവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: ഡിസി എസ്പി 3:-***

കുമ്പഴ മാർക്കറ്റിൽ നഗരസഭാ ചെയർമാൻ അഡ്വ.ടി.സക്കീർ ഹുസൈൻ, ജില്ലാ കളക്ടർ ഡോ.നരസിംഹുഗാരി തേജ് ലോഹിത് റെഡ്ഡി, ജില്ലാ പോലീസ് മേധാവി ആർ.നിശാന്തിനി തുടങ്ങിയവർ സ്ഥിതിഗതികൾ വിലയിരുത്തുന്നു.

(പിഎൻപി 1124/21)

## കണ്ടെയ്ൻമെന്റ് സോണുകളിൽ കർശന നിയന്ത്രണങ്ങൾ ഉറപ്പുവരുത്തും

പത്തനംതിട്ട ജില്ലയിൽ കോവിഡ് വ്യാപനം കുറയ്ക്കുന്നതിന് കണ്ടെയ്ൻമെന്റ് സോണുകളായി പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങളിൽ കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തണമെന്നും പോലീസ്, സെക്ടർ മജിസ്ട്രേറ്റ്മാർ ഇത് ഉറപ്പുവരുത്തണമെന്നും ജില്ലാ കളക്ടർ ഡോ. നരസിംഹുഗാരി തേജ് ലോഹിത് റെഡ്ഡി നിർദേശിച്ചു. ജില്ലാ ദുരന്തനിവാരണ അതോറിറ്റി യോഗത്തിലാണ് ചെയർമാനായ ജില്ലാ കളക്ടറുടെ നിർദേശം.

ജില്ലാ സർവെയ്ലൻസ് ഓഫീസർ നിലവിലെ കോവിഡ് സ്ഥിതിവിവര കണക്കുകൾ യോഗത്തിൽ അവതരിപ്പിച്ചു. റാന്നി ഗ്രാമഞ്ചായത്തിൽ കണ്ടെത്തിയിട്ടുള്ള സിഎഫ്എൽടിസി പ്രവർത്തന സജ്ജമാണെന്ന് രോഗികളെ പ്രവേശിപ്പിക്കാവുന്നതുമാണെന്നും

ജില്ലാ സർവെയ്ലൻസ് ഓഫീസർ അറിയിച്ചു. കൂടുതൽ സിഎഫ്എൽടിസികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്തിന് ജില്ലാ കളക്ടർ നിർദേശം നൽകി. സ്വകാര്യ ആശുപത്രികളിലും സർക്കാർ ആശുപത്രികളിലും കൂടുതൽ ഓക്സിജൻ ബെഡുകൾ ക്രമീകരിക്കണമെന്നും ഇക്കാര്യം ഉറപ്പ് വരുത്തുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തി. കണ്ടെയ്മെന്റ് സോണുകളിലും കൂടുതൽ രോഗവ്യാപനം റിപ്പോർട്ട് ചെയ്യുന്ന പഞ്ചായത്തുകളിലും കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത് ഉചിതമാണെന്നും കളക്ടറുടെ അധ്യക്ഷതയിൽ ഓൺലൈനായി ചേർന്ന ഡി.ഡി.എം.എ യോഗത്തിൽ തീരുമാനിച്ചു.

(പിഎൻപി 1125/21)

## ലീഗൽ മെട്രോളജി കൺട്രോൾ റൂം ആരംഭിച്ചു

കോവിഡ് കാലത്ത് ഉപഭോക്തൃ സംരക്ഷണം ഉറപ്പാക്കുന്നതിനായി ലീഗൽ മെട്രോളജി കൺട്രോളർ കെ. ടി വർഗീസ് പണിക്കറുടെ നിർദ്ദേശ പ്രകാരം ജില്ലയിൽ ലീഗൽ മെട്രോളജി കൺട്രോൾ റൂം ആരംഭിച്ചു. ഫോൺ :0468 2322853

അളവിൽ കുറച്ചു വിൽപന നടത്തുക, മുദ്ര പതിക്കാതെ അളവ് തൂക്ക ഉപകരണങ്ങൾ ഉപയോഗിക്കുക, അവയുടെ രേഖകൾ സൂക്ഷിക്കാതെയിരിക്കുക, നിയമാനുസൃതമുള്ള പ്രഖ്യാപനങ്ങൾ രേഖപ്പെടുത്താത്ത പാക്കറ്റുകൾ വിതരണം ചെയ്യുക, വിൽപ്പനയ്ക്കായി സൂക്ഷിക്കുക, പായ്ക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന വിലയേക്കാൾ കൂടുതലായി വില ഈടാക്കുക, വില മായ്ക്കുക, മറയ്ക്കുക എന്നീ പരാതിയിന്മേൽ കർശന നടപടി സ്വീകരിക്കുമെന്ന് പത്തനംതിട്ട ലീഗൽ മെട്രോളജി ഡെപ്യൂട്ടി കൺട്രോളർ അറിയിച്ചു.

കൺട്രോൾ റൂം നമ്പർ കൂടാതെ ചുവടെ പറയുന്ന നമ്പറുകളിലും പരാതി അറിയിക്കാം:- ഡെപ്യൂട്ടി കൺട്രോളർ (ജനറൽ ) പത്തനംതിട്ട - 8281698029. ഡെപ്യൂട്ടി കൺട്രോളർ (ഫ്ളയിംഗ് സ്ക്വാഡ് ) പത്തനംതിട്ട - 8281698035. അസിസ്റ്റന്റ് കൺട്രോളർ കോഴഞ്ചേരി താലൂക്ക് - 8281698030. ഇൻസ്പെക്ടർ അടൂർ താലൂക്ക് - 8281698031. ഇൻസ്പെക്ടർ തിരുവല്ല താലൂക്ക് - 8281698032. ഇൻസ്പെക്ടർ റാന്നി താലൂക്ക് - 8281698033.ഇൻസ്പെക്ടർ മല്ലപ്പള്ളി താലൂക്ക് -8281698034. ഇൻസ്പെക്ടർ കോന്നി താലൂക്ക് - 9400064083.

(പിഎൻപി 1126/21)

## ക്വട്ടേഷൻ ക്ഷണിച്ചു

പത്തനംതിട്ട കുടുംബശ്രീ ജില്ലാമിഷനിലെ സിഡിഎസുകളിൽ സൂക്ഷിക്കുന്ന രേഖകളും രജിസ്റ്ററുകളും ഏകീകരിക്കുന്നതുമായി ബന്ധപ്പെട്ട് 58* 8= 464 രജിസ്റ്ററുകൾ പ്രിന്റ് ചെയ്യുന്നതിനു മൽസരസ്വഭാവമുള്ള ക്വട്ടേഷനുകൾ സീൽ ചെയ്ത കവറുകളിൽ ക്ഷണിച്ചു. ക്വട്ടേഷനുകൾ മേയ് ആറിന് മൂന്നിന് മുൻപായി ജില്ലാ കുടുംബശ്രീ മിഷനിൽ സമർപ്പിക്കണം. ലഭിച്ച ക്വട്ടേഷനുകൾ അന്നേ ദിവസം നാലിന് അപ്പോൾ ഹാജരുള്ള ക്വട്ടേഷൻ സമർപ്പിച്ചവരുടെ സാന്നിധ്യത്തിൽ തുറന്നു പരിശോധിക്കും. കൂടുതൽ വിവരങ്ങൾ പ്രവർത്തി സമയങ്ങളിൽ ജില്ലാമിഷൻ ഓഫീസിൽ നിന്നും അറിയാം. ഫോൺ : 0468-2221807.

(പിഎൻപി 1127/21)

(നിയമസഭാ 282/21)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.



# കേരളസർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| | |
|---|---|
| ഏപ്രിൽ 28<br>**April 28** | **2021** |

**1196 മേടം 15 ബുധൻ**

# പത്രക്കുറിപ്പ്-3

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

**പത്തനംതിട്ട ജില്ലയിലെ 9 പഞ്ചായത്തുകളിൽകൂടി നിരോധനാജ്ഞ; ര ു പഞ്ചായത്തുകളിൽ ദീർഘിപ്പിച്ചു**

പത്തനംതിട്ട ജില്ലയിൽ രോഗവ്യാപനം രൂക്ഷമായിട്ടുള്ള ഇരവിപേരൂർ, അയിരൂർ, റാന്നി, റാന്നി-പഴവങ്ങാടി, റാന്നി-പെരുനാട്, പ്രമാടം, കോന്നി, ഏറത്ത്, ഏഴംകുളം എന്നീ പഞ്ചായത്തുകളിൽ ഏപ്രിൽ 28 ബുധൻ അർദ്ധരാത്രി മുതൽ മേയ് 5 ബുധൻ അർദ്ധരാത്രി വരെ ക്രിമിനൽ നടപടിക്രമം വകുപ്പ് 144 പ്രകാരം നിരോധനാജ്ഞ പ്രഖ്യാപിച്ചു. കൂടാതെ മല്ലപ്പള്ളി, ആനിക്കാട് പഞ്ചായത്തുകളിൽ പ്രഖ്യാപിച്ചിരുന്ന നിരോധനാജ്ഞ മേയ് 5 അർദ്ധരാത്രി വരെ ദീർഘിപ്പിച്ചും

ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാനായ ജില്ലാ കളക്ടർ ഡോ. നരസിംഹുഗാരി തേജ് ലോഹിത് റെഡ്ഡി ഉത്തരവായി. ഈ പ്രദേശങ്ങളിൽ അഞ്ചോ അതിലധികമോ ജനങ്ങൾ കൂട്ടം കൂടുന്നത് നിരോധിച്ചുകൊ ും താഴെ പറയുന്ന പ്രകാരം ക്രമീകരണങ്ങളും നിയന്ത്രണങ്ങളും ഏർപ്പെടുത്തിക്കൊ ും ഉത്തരവാകുന്നു.

(1) വിവാഹ, മരണ ചടങ്ങുകൾക്കു പരമാവധി 20 പേരും മത സ്ഥാപനങ്ങളിലെ ചടങ്ങുകൾക്കു പരമാവധി 10 പേരെയും മാത്രമേ അനുവദിക്കുകയുള്ളു.

(2) അവശ്യ സാധനങ്ങൾ വിൽക്കുന്ന കടകൾ, ബസ് സ്റ്റാൻഡുകൾ, പൊതുഗതാഗതം, ആശുപത്രികൾ, പരീക്ഷകൾ, ഹോട്ടലുകൾ (പാഴ്സലുകൾ മാത്രം), തൊഴിലിടങ്ങൾ(50 ശതമാനം മാത്രം ജോലിക്കാർ), ഇലക്ഷൻ സംബന്ധമായ ആവശ്യങ്ങൾ, വ്യാപാര വാണിജ്യ ആവശ്യങ്ങൾ മുതലായ സ്ഥലങ്ങളിൽ കൃത്യമായും കോവിഡ് പ്രോട്ടോക്കോൾ പാലിക്കണം. ജനങ്ങൾ മാസ്കുകൾ ധരിക്കുകയും സാമൂഹ്യ അകലം പാലിക്കുകയും ഇടവേളകളിൽ സാനിറ്റൈസർ / സോപ്പ് ഉപയോഗിച്ച് കൈ കഴുകയും വേണം.

(3) രാത്രി 9 മുതൽ രാവിലെ 5 വരെയുള്ള രാത്രികാല കർഫ്യൂ സമയത്ത് അവശ്യ സേവനം ഒഴികെയുള്ള സഞ്ചാരം നിരോധിച്ചിരിക്കുന്നു.

(4) സിനിമാ ഹാളുകൾ, ബാറുകൾ, സ്പോർട്സ് കോംപ്ലക്സുകൾ, ജിമ്മുകൾ, നീന്തൽ കുളങ്ങൾ, വിനോദ പാർക്കുകൾ മുതലായവ അടഞ്ഞുകിടക്കും.

(5) ഒഴിവാക്കിയിട്ടുള്ള അവശ്യമേഖലയൊഴികെ എല്ലാ ഗവൺമെന്റ്-സ്വകാര്യ സ്ഥാപനങ്ങളും പരമാവധി 50% ജീവനക്കാരെ വച്ച് പ്രവർത്തിപ്പിക്കണം.

(6) എല്ലാ കടകളും റസ്റ്റോറന്റുകളും വൈകുന്നേരം 7.30 ന് അടയ്ക്കണം.

(7) എല്ലാ സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക കൂടിച്ചേരലുകളും നിരോധിച്ചിരിക്കുന്നു.

(8) ഉത്തരവ് ബന്ധപ്പെട്ട സ്റ്റേഷൻ ഹൗസ് ഓഫീസർമാർ തങ്ങളുടെ അധികാര പരിധിയിൽ കൃത്യമായും പാലിക്കുന്നുവെന്ന് ജില്ലാ പോലീസ് മേധാവി ഉറപ്പുവരുത്തുന്നതും മേൽപ്പറഞ്ഞ നിയന്ത്രണങ്ങൾ ലംഘിക്കുന്നവർക്കെതിരെ ഐപിസി 188, 269 പ്രകാരം നിയമനടപടി സ്വീകരിക്കും.

(പിഎൻപി 1128/21)

(നിയമസഭാ 282/21)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരളസർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

ഏപ്രിൽ 28

**April 28** **2021**

**1196 മേടം 15 ബുധൻ**

# പത്രക്കുറിപ്പ്-4

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

---

**കോവിഡ് വ്യാപനം; കർശന പരിശോധന ഉറപ്പാക്കി പോലീസ്**

കോവിഡ് വ്യാപനം രൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ പത്തനംതിട്ട ജില്ലയിൽ ഉടനീളം കർശന പരിശോധന ഉറപ്പാക്കിയതായി ജില്ലാ പോലീസ് മേധാവി ആർ.നിശാന്തിനി അറിയിച്ചു. ക യ്മെന്റ് സോണുകളിൽ ഉൾപ്പെടെ ജില്ലയിൽ 40 ഇടങ്ങളിൽ ബാരിക്കേഡുകൾ സ്ഥാപിച്ച് കർശന പരിശോധന ഉറപ്പാക്കുന്നതിന് പോലീസിനെ വിന്യസിച്ചു. പോലീസ് പട്രോളിങ്ങും ശക്തമാക്കിയിട്ടു ്. ക ൈ യ്മെന്റ് സോണുകളിലേക്കും പുറത്തേക്കുമുള്ള യാത്രകൾ കർശനമായി നിയന്ത്രിക്കും. കോവിഡ് ബാധിതരെയും ക്വാറന്റൈനിൽ കഴിയുന്നവരെയും നിരീക്ഷിക്കാനും സഹായിക്കാനും പ്രത്യേക സംവിധാനം ഒരുക്കും. നിലവിൽ ജനമൈത്രി ബീറ്റ് ഓഫീസർമാരെ ഉപയോഗിച്ചുള്ള നിരീക്ഷണം തുടരും. സാമൂഹിക മാധ്യമങ്ങളിലൂടെ വ്യാജവാർത്തകൾ പ്രചരിപ്പിക്കുന്നവർക്കെതിരെ ബന്ധപ്പെട്ട വകുപ്പുകൾക്ക് പുറമെ ദുരന്തനിവാരണ നിയമം, പകർച്ചവ്യാധി തടയൽ നിയമം എന്നിവയും ചേർത്ത് ശക്തമായ നിയമനടപടികൾ സ്വീകരിക്കും.

ജനങ്ങൾ നിയന്ത്രണങ്ങൾ പാലിക്കാൻ കൂടുതൽ ജാഗ്രത കാട്ടണം. നിയമലംഘകരെ ക ത്താൻ ഡ്രോൺ ഉപയോഗിച്ചും നിരീക്ഷണം നടത്തും. അഥിതി തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിൽ എത്തി അവർക്ക് ബോധവൽക്കരണം നടത്തുന്നതിനായി ഡിവൈഎസ്പി മാരെ ചുമതലപ്പെടുത്തിയതായി ജില്ലാ പോലീസ് മേധാവി അറിയിച്ചു. അഥിതി തൊഴിലാളികളുടെ ആശങ്കയകറ്റും. അവർക്ക് സുരക്ഷിതത്വബോധം സൃഷ്ടിക്കാൻ ശ്രമിക്കും. നിയന്ത്രണങ്ങൾ പാലിക്കുന്നത് ഉറപ്പുവരുത്തുന്നതിന് എല്ലാ പോലീസുദ്യോഗസ്ഥർക്കും കർശന നിർദേശം നൽകിയതായും ജില്ലാ പോലീസ് മേധാവി പറഞ്ഞു.

ഇന്നലെ വൈകുന്നേരം മുതൽ ഇന്ന് (28.04.2021 ബുധൻ) വൈകിട്ട് നാലുവരെ ജില്ലയിൽ കോവിഡ് പ്രോട്ടോകോൾ ലംഘനങ്ങൾക്ക് ആകെ 112 കേസുകൾ രജിസ്റ്റർ ചെയ്തു, 114 പേരെ അറസ്റ്റ് ചെയ്തു. ഒരു കടയുടമയ്ക്കെതിരെ നടപടിയെടുത്തു, ക്വാറന്റൈൻ ലംഘിച്ചതിന് ഒരാൾക്കെതിരെ കേസ് എടുത്തു. മാസ്ക് വയ്ക്കാത്തതിന് 1411 പേർക്കെതിരെയും സാമൂഹിക അകലം പാലിക്കാത്തതിന് 1322 പേർക്കെതിരെയും പെറ്റി കേസ് ചാർജ് ചെയ്തതായും ജില്ലാപോലീസ് മേധാവി അറിയിച്ചു.

(പിഎൻപി 1129/21)

(നിയമസഭാ 282/21)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**പത്തനംതിട്ട ജില്ല**
**കോവിഡ്19 കൺട്രോൾസെൽ ബുള്ളറ്റിൻ**
**തീയതി. 28.04.2021**

**.....................................................................................**

പത്തനംതിട്ട ജില്ലയിൽ ഇന്ന് 1202 പേർക്ക് കോവിഡ്-19 സ്ഥിരീകരിച്ചു.
ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 10 പേർ വിദേശത്ത് നിന്നും വന്നവരും, 56 പേർ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വന്നവരും, 1136 പേർ സമ്പർക്കത്തിലൂടെ രോഗം ബാധിച്ചവരുമാണ്. ഇതിൽ സമ്പർക്ക പശ്ചാത്തലം വ്യക്തമല്ലാത്ത 17 പേരു ്.

ഇന്ന് രോഗബാധിതരായവരുടെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ തിരിച്ചുള്ള കണക്ക്:
ക്രമ നമ്പർ, തദ്ദേശസ്വയംഭരണസ്ഥാപനം,
രോഗബാധിതരായവരുടെ എണ്ണം എന്ന ക്രമത്തിൽ:

| | | |
|---|---|---|
| 1. | അടൂർ | 31 |
| 2. | പന്തളം | 72 |
| 3. | പത്തനംതിട്ട | 82 |
| 4. | തിരുവല്ല | 90 |
| 5. | ആനിക്കാട് | 15 |
| 6. | ആറന്മുള | 13 |
| 7. | അരുവാപുലം | 4 |
| 8. | അയിരൂർ | 17 |
| 9. | ചെന്നീർക്കര | 4 |
| 10. | ചെറുകോൽ | 5 |
| 11. | ചിറ്റാർ | 29 |
| 12. | ഏറത്ത് | 39 |
| 13. | ഇലന്തൂർ | 7 |
| 14. | ഏനാദിമംഗലം | 18 |
| 15. | ഇരവിപേരൂർ | 33 |
| 16. | ഏഴംകുളം | 25 |
| 17. | എഴുമറ്റൂർ | 13 |
| 18. | കടമ്പനാട് | 15 |
| 19. | കടപ്ര | 26 |

| | | |
|---|---|---|
| 20. | കലഞ്ഞൂർ | 13 |
| 21. | കല്ലൂപ്പാറ | 5 |
| 22. | കവിയൂർ | 5 |
| 23. | കൊടുമൺ | 23 |
| 24. | കോയിപ്രം | 27 |
| 25. | കോന്നി | 15 |
| 26. | കൊറ്റനാട് | 10 |
| 27. | കോട്ടാങ്ങൽ | 13 |
| 28. | കോഴഞ്ചേരി | 18 |
| 29. | കുളനട | 15 |
| 30. | കുന്നന്താനം | 17 |
| 31. | കുറ്റൂർ | 31 |
| 32. | മലയാലപ്പുഴ | 17 |
| 33. | മല്ലപ്പള്ളി | 13 |
| 34. | മല്ലപ്പുഴശ്ശേരി | 8 |
| 35. | മെഴുവേലി | 5 |
| 36. | മൈലപ്ര | 10 |
| 37. | നാറാണംമൂഴി | 25 |
| 38. | നാരങ്ങാനം | 5 |
| 39. | നെടുമ്പ്രം | 11 |
| 40. | നിരണം | 15 |
| 41. | ഓമല്ലൂർ | 8 |
| 42. | പള്ളിക്കൽ | 27 |
| 43. | പന്തളം-തെക്കേക്കര | 19 |
| 44. | പെരിങ്ങര | 17 |
| 45. | പ്രമാടം | 47 |
| 46. | പുറമറ്റം | 13 |
| 47. | റാന്നി | 36 |
| 48. | റാന്നി-പഴവങ്ങാടി | 35 |
| 49. | റാന്നി-അങ്ങാടി | 12 |
| 50. | റാന്നി-പെരുനാട് | 48 |
| 51. | സീതത്തോട് | 11 |
| 52. | തോട്ടപ്പുഴശ്ശേരി | 14 |
| 53. | തുമ്പമൺ | 9 |
| 54. | വടശ്ശേരിക്കര | 16 |

55.        വള്ളിക്കോട്     25
56.        വെച്ചൂച്ചിറ 26

ജില്ലയിൽ ഇതുവരെ ആകെ 73389 പേർക്ക് രോഗം സ്ഥിരീകരിച്ചിട്ടു   ്. ഇതിൽ 66639 പേർ സമ്പർക്കം മൂലംരോഗം സ്ഥിരീകരിച്ചവരാണ്. ഇന്ന് ജില്ലയിൽ കോവിഡ്-19 ബാധിതരായ ആറു പേരുടെ മരണം റിപ്പോർട്ട് ചെയ്തു.

1) കവിയൂർ സ്വദേശി (95) 27.04.2021ന് സ്വവസതിയിൽ വച്ച് ഇതര രോഗങ്ങൾ മൂലമുള്ള സങ്കീർണതകൾ നിമിത്തം മരണമടഞ്ഞു. തുടർന്ന് നടത്തിയ പ്രാഥമിക സ്രവ പരിശോധനയിൽ രോഗബാധ സ്ഥിരീകരിച്ചു.
2) 21.04.2021ന് രോഗബാധ സ്ഥിരീകരിച്ച ആറന്മുള സ്വദേശി (68) 27.04.2021ന് കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽ വച്ച് ഇതര രോഗങ്ങൾ മൂലമുള്ള സങ്കീർണതകൾ നിമിത്തം മരണമടഞ്ഞു.
3) 24.04.2021ന് രോഗബാധ സ്ഥിരീകരിച്ച റാന്നി പഴവങ്ങാടി സ്വദേശി (68) 27.04.2021ന് കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ വച്ച് ഇതര രോഗങ്ങൾ മൂലമുള്ള സങ്കീർണതകൾ നിമിത്തം മരണമടഞ്ഞു.
4) 16.04.2021ന് രോഗബാധ സ്ഥിരീകരിച്ച കുന്നന്താനം സ്വദേശി (53) 24.04.2021ന് തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിൽ വച്ച് ഇതര രോഗങ്ങൾ മൂലമുള്ള സങ്കീർണതകൾ നിമിത്തം മരണമടഞ്ഞു.
5) 25.04.2021ന് രോഗബാധ സ്ഥിരീകരിച്ച പന്തളം സ്വദേശി (62) 28.04.2021ന് പത്തനംതിട്ട ജനറൽ ആശുപത്രിയിൽ വച്ച് ഇതര രോഗങ്ങൾ മൂലമുള്ള സങ്കീർണതകൾ നിമിത്തം മരണമടഞ്ഞു.
6) ഇരവിപേരൂർ സ്വദേശി (70) 27.04.2021ന് സ്വവസതിയിൽ വച്ച് ഇതര രോഗങ്ങൾ മൂലമുള്ള സങ്കീർണതകൾ നിമിത്തം മരണമടഞ്ഞു. തുടർന്ന് നടത്തിയ പ്രാഥമിക സ്രവ പരിശോധനയിൽ രോഗബാധ സ്ഥിരീകരിച്ചു.

ജില്ലയിൽ ഇന്ന് 613 പേർ രോഗമുക്തരായി. ആകെ രോഗമുക്തരായവരുടെ എണ്ണം 64107 ആണ്. പത്തനംതിട്ട ജില്ലക്കാരായ 9070 പേർ രോഗികളായിട്ടു   ്. ഇതിൽ 8779 പേർ ജില്ലയിലും, 291 പേർ ജില്ലയ്ക്ക് പുറത്തും ചികിത്സയിലാണ്.

ജില്ലയിൽ 15108 കോൺടാക്ടുകൾ നിരീക്ഷണത്തിൽ ഉ ്. വിദേശത്തുനിന്നും തിരിച്ചെത്തിയ 2133 പേരും, മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തിരിച്ചെത്തിയ 3684 പേരും നിലവിൽ നിരീക്ഷണത്തിലാണ്. വിദേശത്തുനിന്നും ഇന്ന് തിരിച്ചെത്തിയ 81 പേരും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഇന്ന് എത്തിയ 85 പേരും ഇതിൽ ഉൾപ്പെടുന്നു. ആകെ 20925 പേർ നിരീക്ഷണത്തിലാണ്.

ജില്ലയിൽ വിവിധ പരിശോധനകൾക്കായി ഇതുവരെ ശേഖരിച്ച സാമ്പിളുകൾ:

സർക്കാർ ലാബുകളിലെ പരിശോധനാ വിവരങ്ങൾ:
ക്രമനമ്പർ, പരിശോധനയുടെ പേര്, ഇന്നലെവരെ ശേഖരിച്ചത്, ഇന്ന് ശേഖരിച്ചത്, ആകെ എന്ന ക്രമത്തിൽ:

1 ദൈനംദിന പരിശോധന (ആർ.ടി.പി.സി.ആർ പരിശോധന) 235386, 2185, 237571.
2 റാപ്പിഡ് ആന്റിജൻ പരിശോധന(പുതിയത്) 216547, 712, 217259.
3 റാപ്പിഡ് ആന്റിജൻ (വീ ും നടത്തിയത്) 45617, 187 , 45804.
4 റാപ്പിഡ്ആന്റിബോഡി പരിശോധന 485, 0, 485.
5 ട്രൂനാറ്റ് പരിശോധന 7789, 7, 7796.
6 സി.ബി.നാറ്റ് പരിശോധന 710, 5, 715.

സർക്കാർ ലാബുകളിൽ ആകെ ശേഖരിച്ച സാമ്പിളുകൾ 506534, 3096, 509630.
സ്വകാര്യ ആശുപത്രികളിൽ ആകെ ശേഖരിച്ച സാമ്പിളുകൾ 329677, 3101, 332778.
ആകെ സാമ്പിളുകൾ
(സർക്കാർ + സ്വകാര്യം) 836211, 6197, 842408.

ഗവൺമെന്റ് ലാബുകളിലും, സ്വകാര്യ ലാബുകളിലുമായി ഇന്ന് ആകെ 6197 സാമ്പിളുകൾ ശേഖരിച്ചിട്ടു ്. 3884 സാമ്പിളുകളുടെ ഫലം ലഭിക്കാനു ്.

ജില്ലയിൽ കോവിഡ്-19 മൂലമുള്ള മരണനിരക്ക് 0.20 ശതമാനമാണ്. ജില്ലയുടെ ഇതുവരെയുള്ള ആകെ ടെസ്റ്റ് പോസിറ്റീവിറ്റി റേറ്റ് 8.71 ശതമാനമാണ്.

ജില്ലാ മെഡിക്കൽ ഓഫീസറുടെ കൺട്രോൾറൂമിൽ 166 കോളുകളും, ജില്ലാ ദുരന്ത നിവാരണ വിഭാഗത്തിന്റെ കൺട്രോൾറൂമിൽ 104

കോളുകളും ലഭിച്ചു.

ക്വാറന്റൈനിലുള്ള ആളുകൾക്ക് നൽകുന്ന സൈക്കോളജിക്കൽ സപ്പോർട്ടിന്റെ ഭാഗമായി ഇന്ന് 631 കോളുകൾ നടത്തുകയും, അഞ്ചു പേർക്ക് കൗൺസിലിംഗ് നൽകുകയും ചെയ്തു.

പ്രോഗ്രാം ഓഫീസർമാരുടെയും മാനേജ്മെന്റ് ടീം ലീഡർമാരുടെയും റിവ്യൂ മീറ്റിംഗ്, ജില്ലാ മെഡിക്കൽ ഓഫീസറുടെ ചേമ്പറിൽ വൈകുന്നേരം 4.30ന് കൂടി.

# പത്തനംതിട്ട ജില്ല

## കോവിഡ്-19 കണ്‍ട്രോള്‍സെല്‍ ബുള്ളറ്റിന്‍

## തീയതി. 28.04.2021

- പത്തനംതിട്ട ജില്ലയില്‍ ഇന്ന് **1202** പേര്‍ക്ക് കോവിഡ്-19 സ്ഥിരീകരിച്ചു.
- ഇന്ന് രോഗം സ്ഥിരീകരിച്ചവരില്‍ **10** പേര്‍ വിദേശത്ത് നിന്നും വന്നവരും, **56** പേര്‍ മറ്റ് സംസ്ഥാനങ്ങളില്‍ നിന്നും വന്നവരും, **1136** പേര്‍ സമ്പര്‍ക്കത്തിലൂടെ രോഗം ബാധിച്ചവരുമാണ്. ഇതില്‍ സമ്പര്‍ക്ക പശ്ചാത്തലം വ്യക്തമല്ലാത്ത **17** പേരു ്.
- <u>ഇന്ന് രോഗബാധിതരായവരുടെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങള്‍ തിരിച്ചുള്ളകണക്ക്</u>

| ക്രമ നമ്പര്‍ | തദ്ദേശസ്വയംഭരണസ്ഥാപനം | രോഗബാധിതരായവരുടെ എണ്ണം |
|---|---|---|
| 1. | അടൂര്‍ | **31** |
| 2. | പന്തളം | **72** |
| 3. | പത്തനംതിട്ട | **82** |
| 4. | തിരുവല്ല | **90** |
| 5. | ആനിക്കാട് | **15** |
| 6. | ആറന്മുള | **13** |
| 7. | അരുവാപുലം | **4** |
| 8. | അയിരൂര്‍ | **17** |
| 9. | ചെന്നീര്‍ക്കര | **4** |
| 10. | ചെറുകോല്‍ | **5** |
| 11. | ചിറ്റാര്‍ | **29** |
| 12. | ഏറത്ത് | **39** |
| 13. | ഇലന്തൂര്‍ | **7** |
| 14. | ഏനാദിമംഗലം | **18** |
| 15. | ഇരവിപേരൂര്‍ | **33** |
| 16. | ഏഴംകുളം | **25** |
| 17. | എഴുമറ്റൂര്‍ | **13** |
| 18. | കടമ്പനാട് | **15** |
| 19. | കടപ്ര | **26** |
| 20. | കലഞ്ഞൂര്‍ | **13** |
| 21. | കല്ലൂപ്പാറ | **5** |
| 22. | കവിയൂര്‍ | **5** |
| 23. | കൊടുമണ്‍ | **23** |

| | | |
|---|---|---|
| 24. | കോയിപ്രം | **27** |
| 25. | കോന്നി | **15** |
| 26. | കൊറ്റനാട് | **10** |
| 27. | കോട്ടാങ്ങൽ | **13** |
| 28. | കോഴഞ്ചേരി | **18** |
| 29. | കുളനട | **15** |
| 30. | കുന്നന്താനം | **17** |
| 31. | കുറ്റൂർ | **31** |
| 32. | മലയാലപ്പുഴ | **17** |
| 33. | മല്ലപ്പള്ളി | **13** |
| 34. | മല്ലപ്പുഴശ്ശേരി | **8** |
| 35. | മെഴുവേലി | **5** |
| 36. | മൈലപ്ര | **10** |
| 37. | നാറാണംമൂഴി | **25** |
| 38. | നാരങ്ങാനം | **5** |
| 39. | നെടുമ്പ്രം | **11** |
| 40. | നിരണം | **15** |
| 41. | ഓമല്ലൂർ | **8** |
| 42. | പള്ളിക്കൽ | **27** |
| 43. | പന്തളം-തെക്കേക്കര | **19** |
| 44. | പെരിങ്ങര | **17** |
| 45. | പ്രമാടം | **47** |
| 46. | പുറമറ്റം | **13** |
| 47. | റാന്നി | **36** |
| 48. | റാന്നി-പഴവങ്ങാടി | **35** |
| 49. | റാന്നി-അങ്ങാടി | **12** |
| 50. | റാന്നി-പെരുനാട് | **48** |
| 51. | സീതത്തോട് | **11** |
| 52. | തോട്ടപ്പുഴശ്ശേരി | **14** |
| 53. | തുമ്പമൺ | **9** |
| 54. | വടശ്ശേരിക്കര | **16** |
| 55. | വള്ളിക്കോട് | **25** |
| 56. | വെച്ചൂച്ചിറ | **26** |

- ജില്ലയിൽ ഇതുവരെ ആകെ **73389** പേർക്ക് രോഗം സ്ഥിരീകരിച്ചിട്ടു ്. ഇതിൽ **66639** പേർ സമ്പർക്കം മൂലംരോഗം സ്ഥിരീകരിച്ചവരാണ്.
- ഇന്ന് ജില്ലയിൽ കോവിഡ്-**19** ബാധിതരായ **6** പേരുടെ മരണം റിപ്പോർട്ട് ചെയ്തു.

1) കവിയൂർ സ്വദേശി (95) 27.04.2021-ന് സ്വവസതിയിൽ വച്ച് ഇതര രോഗങ്ങൾ മൂലമുള്ള സങ്കീർണ്ണതകൾ നിമിത്തം മരണമടഞ്ഞു. തുടർന്ന് നടത്തിയ പ്രാഥമിക സ്രവ പരിശോധനയിൽ രോഗബാധ സ്ഥിരീകരിച്ചു.
2) 21.04.2021-ന് രോഗബാധ സ്ഥിരീകരിച്ച ആറന്മുള സ്വദേശി (68) 27.04.2021-ന് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ വച്ച് ഇതര രോഗങ്ങൾ മൂലമുള്ള സങ്കീർണ്ണതകൾ നിമിത്തം മരണമടഞ്ഞു.
3) 24.04.2021-ന് രോഗബാധ സ്ഥിരീകരിച്ച റാന്നി പഴവങ്ങാടി സ്വദേശി (68) 27.04.2021-ന് കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ വച്ച് ഇതര രോഗങ്ങൾ മൂലമുള്ള സങ്കീർണ്ണതകൾ നിമിത്തം മരണമടഞ്ഞു.
4) 16.04.2021-ന് രോഗബാധ സ്ഥിരീകരിച്ച കുന്നന്താനം സ്വദേശി (53) 24.04.2021-ന് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ വച്ച് ഇതര രോഗങ്ങൾ മൂലമുള്ള സങ്കീർണ്ണതകൾ നിമിത്തം മരണമടഞ്ഞു.
5) 25.04.2021-ന് രോഗബാധ സ്ഥിരീകരിച്ച പന്തളം സ്വദേശി (62) 28.04.2021-ന് പത്തനംതിട്ട ജനറൽ ആശുപത്രിയിൽ വച്ച് ഇതര രോഗങ്ങൾ മൂലമുള്ള സങ്കീർണ്ണതകൾ നിമിത്തം മരണമടഞ്ഞു.
6) ഇരവിപേരൂർ സ്വദേശി (70) 27.04.2021-ന് സ്വവസതിയിൽ വച്ച് ഇതര രോഗങ്ങൾ മൂലമുള്ള സങ്കീർണ്ണതകൾ നിമിത്തം മരണമടഞ്ഞു. തുടർന്ന് നടത്തിയ പ്രാഥമിക സ്രവ പരിശോധനയിൽ രോഗബാധ സ്ഥിരീകരിച്ചു.

- ജില്ലയിൽ ഇന്ന് **613** പേർ രോഗമുക്തരായി. ആകെ രോഗമുക്തരായവരുടെ എണ്ണം **64107** ആണ്.
- പത്തനംതിട്ട ജില്ലക്കാരായ **9070** പേർ രോഗികളായിട്ടു ്. ഇതിൽ **8779** പേർ ജില്ലയിലും, **291** പേർ ജില്ലയ്ക്ക് പുറത്തും ചികിത്സയിലാണ്.
- ജില്ലയിൽ **15108** കോൺടാക്ടുകൾ നിരീക്ഷണത്തിൽ ഉ ്. വിദേശത്തുനിന്നും തിരിച്ചെത്തിയ **2133** പേരും, മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തിരിച്ചെത്തിയ **3684** പേരും നിലവിൽ നിരീക്ഷണത്തിലാണ്. വിദേശത്തുനിന്നും ഇന്ന് തിരിച്ചെത്തിയ **81** പേരും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഇന്ന് എത്തിയ **85** പേരും ഇതിൽ ഉൾപ്പെടുന്നു.
- ആകെ **20925** പേർ നിരീക്ഷണത്തിലാണ്.
- ജില്ലയിൽ വിവിധ പരിശോധനകൾക്കായി ഇതുവരെ ശേഖരിച്ച സാമ്പിളുകൾ

**സർക്കാർ ലാബുകളിലെ പരിശോധനാ വിവരങ്ങൾ**

| ക്രമ നമ്പർ | പരിശോധനയുടെ പേര് | ഇന്നലെവരെ ശേഖരിച്ചത് | ഇന്ന് ശേഖരിച്ചത് | ആകെ |
|---|---|---|---|---|
| **1** | ദൈനംദിന പരിശോധന (ആർ.ടി.പി.സി.ആർ പരിശോധന) | **235386** | **2185** | **237571** |
| **2** | റാപ്പിഡ് ആന്റിജൻ പരിശോധന(പുതിയത്) | **216547** | **712** | **217259** |
| **3** | റാപ്പിഡ് ആന്റിജൻ (വീ ും നടത്തിയത്) | **45617** | **187** | **45804** |
| **4** | റാപ്പിഡ്ആന്റിബോഡി പരിശോധന | **485** | **0** | **485** |
| **5** | ട്രൂനാറ്റ് പരിശോധന | **7789** | **7** | **7796** |
| **6** | സി.ബി.നാറ്റ് പരിശോധന | **710** | **5** | **715** |
| **സർക്കാർ ലാബുകളിൽ ആകെ ശേഖരിച്ച സാമ്പിളുകൾ** | | 506534 | 3096 | 509630 |
| **സ്വകാര്യ ആശുപത്രികളിൽ ആകെ ശേഖരിച്ച സാമ്പിളുകൾ** | | 329677 | 3101 | 332778 |
| **ആകെ സാമ്പിളുകൾ (സർക്കാർ + സ്വകാര്യം)** | | 836211 | 6197 | 842408 |

- ഗവൺമെന്റ് ലാബുകളിലും, സ്വകാര്യ ലാബുകളിലുമായി ഇന്ന് ആകെ **6197** സാമ്പിളുകൾ ശേഖരിച്ചിട്ടു ്.
- **3884** സാമ്പിളുകളുടെ ഫലം ലഭിക്കാനു ്.
- ജില്ലയിൽ കോവിഡ്-**19** മൂലമുള്ള മരണനിരക്ക് **0.20** ശതമാനമാണ്. ജില്ലയുടെ ഇതുവരെയുള്ള ആകെ ടെസ്റ്റ് പോസിറ്റീവിറ്റി റേറ്റ് **8.71** ശതമാനമാണ്.
- ജില്ലാ മെഡിക്കൽ ആഫീസറുടെ കൺട്രോൾറൂമിൽ **166** കോളുകളും, ജില്ലാ ദുരന്ത നിവാരണ വിഭാഗത്തിന്റെ കൺട്രോൾറൂമിൽ **104** കോളുകളും ലഭിച്ചു.
- ക്വാറന്റൈനിലുള്ള ആളുകൾക്ക് നൽകുന്ന സൈക്കോളജിക്കൽ സപ്പോർട്ടിന്റെ ഭാഗമായി ഇന്ന് **631** കോളുകൾ നടത്തുകയും, **5** പേർക്ക് കൗൺസിലിംഗ് നൽകുകയും ചെയ്തു.
- പ്രോഗ്രാം ആഫീസർമാരുടെയും മാനേജ്മെന്റ് ടീം ലീഡർമാരുടെയും റിവ്യൂ മീറ്റിംഗ്, ജില്ലാ മെഡിക്കൽ ആഫീസറുടെ ചേമ്പറിൽ വൈകുന്നേരം **4.30**-ന് കൂടി.

**ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം)**
പത്തനംതിട്ട